CT/15318/2019-P2

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

**ടാക്സ് ടവർ ,കിള്ളിപ്പാലം,**
**കരമന , തിരുവനന്തപുരം**
**തീയതി :21-09-2025**

## അറിയിപ്പ്

ലോട്ടറികളിൽ ബാധകമായിരുന്ന ചരക്കു സേവന നികുതി **(ജി.എസ്.ടി)** നിരക്ക് **28 %** ൽ തുടരും എന്ന തരത്തിൽ ചില മാധ്യമങ്ങൾ തെറ്റായി വാർത്ത റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുള്ള വിവരം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

**2025** സെപ്റ്റംബർ **17**-ാം തീയതി കേന്ദ്ര സർക്കാർ പുറത്തിറക്കിയ വിജ്ഞാപനം നമ്പർ **9/2025-** സെൻട്രൽ ടാക്സ് **(**റേറ്റ്**)** പ്രകാരവും**,** സംസ്ഥാന സർക്കാർ പുറത്തിറക്കിയ എസ്.ആർ.ഒ നമ്പർ **1059/2025** എന്ന വിജ്ഞാപന പ്രകാരവും ലോട്ടറികളിൽ ബാധകമായ ജി.എസ്.ടി നിരക്ക് സെപ്റ്റംബർ **22** മുതൽ **40%** ആയി പരിഷ്കരിച്ചിട്ടുണ്ട്**.**

അതിനാൽ**,** മേൽപ്പറഞ്ഞ വിജ്ഞാപനകളിൽ നൽകിയ തീയതി മുതൽ **,** അതായത് **2025** സെപ്റ്റംബർ **22** മുതൽ

**തന്നെ , ലോട്ടറികളിൽ ബാധകമായ പുതുക്കിയ 40 % നികുതി നിരക്ക് പ്രാബല്യത്തിലാകും.**

**ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങിയ വിജ്ഞാപനങ്ങൾ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ വെബ് സൈറ്റായ www.keralataxes.gov.in ൽ നൽകിയിട്ടുണ്ട് . വിശദ വിവരങ്ങൾക്ക് വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ കാണുക.**

**ബന്ധപ്പെട്ട വ്യാപാരികൾ, വിതരണക്കാർ, പൊതുജനങ്ങൾ എന്നിവർ ഈ അറിയിപ്പ് ശ്രദ്ധിക്കണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ അറിയിച്ചു.**

**Sd/-**

**COMMISSIONER**